(ബി) ഇവരുടെ പേര്, ഉദ്യോഗപ്പേര് എന്നിവ വെളിപ്പെടുത്തുമോ;

(സി) ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏഴ് ജീവനക്കാരെ പിടികൂടിയിട്ടുണ്ട്.

(ബി) 1. പി.റ്റി. പ്രകാശ് (സബ് ഗ്രൂപ്പാഫിസർ, കോട്ടയം ഗ്രൂപ്പ്)
2. അനി (കഴകം, വിളയ്ക്കാട് ദേവസ്വം, വർക്കല ഗ്രൂപ്പ്)
3. ബാലചന്ദ്രൻ (കഴകം, കൊടുമൺ ദേവസ്വം, വർക്കല ഗ്രൂപ്പ്)
4. അനിൽകുമാർ (പുറംതൂപ്പ്, തിരുവാറാട്ടുകാവ് ദേവസ്വം, വർക്കല ഗ്രൂപ്പ്)
5. ശശിധരൻ (പഞ്ചവാദ്യം, തിരുവാറാട്ടുകാവ് ദേവസ്വം, വർക്കല ഗ്രൂപ്പ്).
6. രാമചന്ദ്രക്കുറുപ്പ് (സംബന്ധി, ഹരിപ്പാട് ദേവസ്വം, മാവേലിക്കര ഗ്രൂപ്പ്)
7. രാധാകൃഷ്ണപിള്ള (പഞ്ചവാദ്യം, ചിറ്റടിശ്ശേരി ദേവസ്വം, കൊല്ലം ഗ്രൂപ്പ്).

(സി) എല്ലാവരെയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കയർ മേഖല നേരിടുന്ന പ്രതിസന്ധി

104 [422] ശ്രീ. ടി. കെ. ദേവകുമാർ:
,, പീരപ്പൻകോട് മുരളി:
,, കെ. പി. സതീശ് ചന്ദ്രൻ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു. റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ അഭിപ്രായങ്ങളറിയിക്കുവാൻ കയർ വികസന ഡയറക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) കയർ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യമാണ്. ഇത് പരിഹരിക്കുന്നതിനായി കർണ്ണാടകത്തിൽനിന്നും കയർഫെഡ് വഴിയും ലക്ഷദ്വീപിൽനിന്നും കയർ കോർപ്പറേഷൻ വഴിയും ചകിരി വാങ്ങി മാർക്കറ്റിൽ ലഭ്യമാക്കി. കയർ ഫെഡിനും കയർ കോർപ്പറേഷനും റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി 250 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. ചകിരി ഇറക്കുമതി ചെയ്യുന്നതിനും നടപടി എടുത്തുവരുന്നു. ഐ.സി.ഡി.പി. പദ്ധതിയിൽ സഹകരണ മേഖലയിൽ സ്ഥാപിച്ച മുഴുവൻ യൂണിറ്റുകളും പ്രവർത്തിപ്പിക്കുവാനുള്ള നടപടി എടുത്തു വരികയാണ്. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന്, സ്വകാര്യമേഖലയിൽ കൂടി യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് സ്ഥിരനിക്ഷേപ മൂലധനത്തിന്റെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപവരെ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കെട്ടികിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേഴ്സ് പദ്ധതി കയർ കോർപ്പറേഷൻ വഴിയും കയർഫെഡുവഴിയും നടപ്പിലാക്കിവരുന്നു. പീഡിതവും നിഷ്ക്രിയവുമായ കയർ വ്യവസായ സംഘങ്ങളെ പുനരുദ്ധീകരിക്കുന്നതിന് ധനസഹായം നൽകി വരുന്നു. സംസ്ഥാനത്തെ കയർ വ്യവസായ സംഘങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങൾക്കും സ്വകാര്യ വ്യവസായങ്ങൾക്കും ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയോടനുബന്ധിച്ച് മാർജിൻ മണി വായ്പ നൽകിവരുന്നു. കൂടാതെ ചെറുകിട കയറുല്പ്പന്ന ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾക്കായുള്ള പൊതു സൗകര്യ സേവനകേന്ദ്രം ആരംഭിക്കുന്നതിന് ധനസഹായം നൽകി വരുന്നു. സാങ്കേതിക വിദ്യയുടെയും ഗവേഷണത്തിന്റേയും വികസനത്തിനായി ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തറക്കല്ലിട്ടിട്ടുണ്ട്. കയർ ബോർഡിന്റെ മഹിളാ കയർ യോജന പദ്ധതിയുമായി സഹകരിച്ച് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി ആറായിരത്തോളം സ്ത്രീ കയർ തൊഴിലാളികൾക്ക്, 1/4 HPമോട്ടോർ ഘടിപ്പിച്ച പരമ്പരാഗതറാട്ടും പരിശീലനവും ഒരു മാസത്തേക്കുള്ള പ്രവർത്തന മൂലധനവും വർക്ക് ഷെഡ് സൗകര്യവും നൽകി, സ്ത്രീ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുവാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിലെ കയർ ക്ലസ്റ്ററിന് അടിസ്ഥാന സൗകര്യങ്ങൾക്കായി 56.86 കോടി രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 14.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly